പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6749 9.11.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം വികസനം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | 2016-ൽ ഓഗസ്റ്റ് 30 വരെ സംസ്ഥാനത്ത് എത്തിയ വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഇതുമൂലം സംസ്ഥാനത്തിന് എത്ര തുക വരുമാനമായി ലഭിച്ചു; വിദേശികൾ, സ്വദേശികൾ തിരിച്ച് കണക്ക് വ്യക്തമാക്കുമോ; | എ) | 2016 ജൂലൈ മാസം വരെ ഉള്ള പ്രൊവിഷണൽ കണക്ക് ആണ് നിലവിൽ വകുപ്പിന് ലഭ്യമായിട്ടുള്ളത്. ഇതിൻ പ്രകാരം 2016 ജനുവരി മുതൽ 2016 ജൂലൈ വരെ സംസ്ഥാനത്ത് എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 5,94,846 ഉം ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 70,68,503 ഉം ആണ്. ടൂറിസം വരുമാനം കണക്കാക്കുന്നത് വർഷാവസാനം ആയതിനാൽ നിലവിൽ 2016 വർഷത്തെ ടൂറിസം വരുമാനം തിട്ടപ്പെടുത്തിയിട്ടില്ല. |
| ബി) | 2016-ൽ ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഏതാണെന്ന് വ്യക്തമാക്കാമോ; ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ചെയ്യുവാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | ബി) | 2016 ജൂലൈ മാസം വരെ ഉള്ള പ്രൊവിഷണൽ കണക്കുകൾ പ്രകാരം വിദേശ ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം വർക്കലയും ആഭ്യന്തര ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രം ഗുരുവായൂരും ആണ്. വിദേശ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സജീവമായ ഇടപെടലുകൾ വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിനായി മുൻ വർഷങ്ങളിൽ നടത്തിയിരുന്ന പദ്ധതികൾ, സോഷ്യൽ മീഡിയകൾ ഉപയോഗപ്പെടുത്തിയുള്ള പ്രചരണ പരിപാടികൾ ഉൾപ്പെടെ തുടർന്നു വരുന്നു. കേരളത്തെ ഒരു ഹണിമൂൺ ഡെസ്റ്റിനേഷനാക്കി പരിചയപ്പെടുത്തുവാനുതകുന്ന സോഷ്യൽ മീഡിയ പ്രചരണ പരിപാടികൾ, മൊബൈൽ ആപ്പുകൾ വഴി കേരള ടൂറിസത്തിന്റെ വെബ്സൈറ്റിന്റെ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള |

(...2)

| | | | |
|---|---|---|---|
| | | | പദ്ധതി, കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ഡെസ്റ്റിനേഷനുകളുടെ 360° വീഡിയോ ലഭ്യമാക്കുന്നതിലേയ്ക്കായുള്ള പദ്ധതി, 'ഡിവൈൻ തിയേറ്റർ' എന്ന പേരിൽ ഓൺലൈൻ ഫിലിം നിർമ്മാതാക്കൾക്ക് കേരളത്തെക്കുറിച്ച് ഫിലിം നിർമ്മിക്കുന്നതിനും മറ്റുമായുള്ള ഒരു പ്രചരണ പദ്ധതി, യു.എസ്.എ, ബ്രിട്ടൻ, ജർമ്മനി, ഫ്രാൻസ്, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളിലുള്ളവർക്ക് മാത്രമായി 'വാർ ഓഫ് കപ്പിൾസ്' എന്ന ഒരു സോഷ്യൽ മീഡിയ പ്രചരണ പരിപാടി എന്നീ പരിപാടികൾ പുതിയതായി ആവിഷ്കരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നടപ്പാക്കിയ 'കേരള ബ്ലോഗ് എക്സ്പ്രസ്' എന്ന പരിപാടിയുടെ വിജയം മുൻനിർത്തി ഈ പ്രചരണ പരിപാടി ഈ വർഷവും തുടരുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| സി) | പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും ഇവിടങ്ങളിലേക്കു ടൂറിസ്റ്റുകളെ ആകർഷിക്കുവാനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | സി) | പ്രാദേശിക തലത്തിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അവ വികസിപ്പിക്കുന്നതിനുമുള്ള പ്രാഥമിക പദ്ധതികൾ തയ്യാറാക്കുന്നത് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ മുഖേനയാണ്. അത്തരം പ്രൊപ്പോസലുകളുടെ ടൂറിസം സാധ്യതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുക എന്നതാണ് വകുപ്പ് ചെയ്തുവരുന്നത്. |
| ഡി) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ചിറക്കുളം ടൂറിസ്റ്റ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഈ ടൂറിസ്റ്റ് കേന്ദ്രം പരിപോഷിപ്പിക്കുവാൻ ടൂറിസം വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | ഡി) | പദ്ധതിയുടെ നിലവിലെ അവസ്ഥ വിലയിരുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ